## അപകടത്തിൽ പരിക്കേറ്റ ഡ്രൈവറുടെ ശാശ്വത അവശത 40%: സമ്പാദ്യ ശേഷിയുടെ നഷ്ടം 100% ആയി കണക്കാക്കിയതിൽ തെറ്റില്ല

### ജമ്മു-കാശ്മീർ ഹൈക്കോടതി

M.A. No. 140/2013 Dt. 7.8.2020

നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

x

ധീരജ് സിങ്

ലോറിയുടമയായ പിതാവ് തന്റെ മകൻ ധീരജിനെ പതിനായിരം രൂപ പ്രതിമാസ പ്രതിഫലത്തിന് ലോറി ഡ്രൈവറായി നിയമിച്ചു. 2010-ൽ ഒരു ദിവസം ജമ്മുവിൽ നിന്ന് ജലന്ധറിലേക്ക് ലോറി ഓടിച്ചുപോകുമ്പോൾ കോട്‌ലി അദ്ദ എന്ന സ്ഥലത്തെത്തിയപ്പോൾ ലോറി മറ്റൊരു ലോറിയുമായി കൂട്ടിയിടിച്ചു. അപകടത്തിൽ ഡ്രൈവർക്ക് സാരമായി പരിക്കേറ്റു. അയാളുടെ തലയിലും മുഖത്തും ഇടത്തെ കാലിലും കാൽ മുട്ടിലുമാണ് കാര്യമായി പരിക്കുപറ്റിയത്. അപകടത്തെത്തുടർന്ന് ലോറി ഡ്രൈവർ എന്ന നിലയിലുള്ള അയാളുടെ ജോലി ചെയ്യാൻ അയാൾക്ക് സാധിക്കാതായി. ഇരിക്കാനും ഓടാനും കായിക ജോലി ചെയ്യാനുമുള്ള ശേഷി അയാൾക്ക് നഷ്ടപ്പെട്ടു. അയാളുടെ ശാശ്വത അവശത 40% ആണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തി. ചികിത്സ പൂർത്തിയാക്കിയ അയാൾ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. 40% ശാരീരിക അവശതയുള്ളയാൾക്ക് ഡ്രൈവറുടെയോ സമാനമായതോ ആയ ജോലി ചെയ്യാൻ സാധിക്കില്ലെന്ന് വിലയിരുത്തിയ കമ്മീഷണർ തൊഴിലാളിയുടെ സമ്പാദ്യ ശേഷിയുടെ നഷ്ടം 100% ആണെന്ന് നിർണ്ണയിച്ചു. അതനുസരിച്ച് ഇൻഷുറൻസ് കമ്പനി 12,28,161 രൂപ 12% പലിശ സഹിതം തൊഴിലാളിക്ക് നല്കണമന്നാണ് കമ്മീഷണർ ഉത്തരവിട്ടത്. ഇതിനെതിരെ ഇൻഷുറൻസ് കമ്പനി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. 40% ശാശ്വത അവശതയുള്ളയാളുടെ സമ്പാദ്യ ശേഷിയുടെ നഷ്ടം 100% ആണെന്ന് കണക്കാക്കിയത് നിയമവിരുദ്ധമാണെന്നും 12% പലിശ ചുമത്തിയത് അന്യായമാണെന്നും ഇൻഷുറൻസ് കമ്പനി വാദിച്ചു. 40% അവശതയുള്ള ഡ്രൈവർക്ക് മറ്റു പല ജോലികളും ചെയ്യാവുന്നതാണെന്നും നഷ്ടപരിഹാര തുക കുറയ്ക്കേണ്ടതാണെന്നും ഇൻഷുറൻസ് കമ്പനി വാദിച്ചു. ജോലിയുടെ സ്വഭാവവും പരിക്കുകളുടെ തരവും കൂടി കണക്കിലെടുത്ത് മാത്രമേ അവശത നിർണ്ണയിക്കാനാവൂ എന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. മാനസികവും ശാരീരികവുമായി പൂർണ്ണ ആരോഗ്യമുള്ളയാൾക്കു മാത്രമേ ഡ്രൈവറുടെ ജോലി കാര്യക്ഷമമായി നിർവ്വഹിക്കാനാവൂ എന്ന് ഹൈക്കോടതി നിരീക്ഷിച്ചു. എന്നാൽ തൊഴിലാളിയുടെ ശമ്പളം 6000 രൂപ എന്ന് കണക്കാക്കേണ്ടതായിരുന്നു വെന്നും 8000 രൂപ എന്ന് കണക്കാക്കിയതിന് തെളിവിന്റെ പിൻബലമില്ലെന്നും വിലയിരുത്തിയ ഹൈക്കോടതി ഇൻഷുറൻസ് കമ്പനി 6,77,760 രൂപ 12% പലിശ സഹിതം നല്കിയാൽ മതിയെന്ന് വിധിച്ചു.